

ഭൗതിക ജീവിതത്തെയും അതിന്റെ സുഖഭോഗങ്ങളെയും കുറിച്ചുമാത്രം ചിന്തിക്കുന്നവർ ചരിത്രത്തിന്റെയും ചരിത്രാവശിഷ്ടങ്ങളുടെയും യഥാർഥ പാഠങ്ങൾ പഠിക്കാൻ തയാറാവുകയില്ല. അവർ ചരിത്രം പഠിക്കുന്നുവെങ്കിൽ അതും കേവലം ഭൗതിക താൽപര്യങ്ങൾ മുന്നിൽ കണ്ടായിരിക്കും. അത്തരക്കാർ ഉൾക്കണ്ണ് അന്ധമായിപ്പോയവരാണ്.

## ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ - 22

# അൽഹജ്ജ്

**42.** പ്രവാചകാ, ഈ ജനം നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ, ഇവർക്കു മുമ്പ് നൂഹിന്റെ ജനവും ആദ്-ഥമൂദ് വർഗങ്ങളും അവരുടെ പ്രവാചകന്മാരെ തള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു.

وَإِن يُكَذِّبُوكَ فَقَدْ كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ وَعَادٌ وَثَمُودُ ﴿٤٢﴾

**43.** ഇബ്റാഹീമിന്റെ ജനവും ലൂത്വിന്റെ ജനവും തള്ളിപ്പറഞ്ഞിരിക്കുന്നു.

وَقَوْمُ إِبْرَاهِيمَ وَقَوْمُ لُوطٍ ﴿٤٣﴾

**44.** മദ്യൻകാരും തള്ളിപ്പറഞ്ഞു. മൂസായും തള്ളിപ്പറയപ്പെട്ടിരിക്കുന്നു. ഈ സത്യനിഷേധികൾക്കൊക്കെയും ആദ്യം ഞാൻ സാവകാശം നൽകിയിട്ടുണ്ട്. പിന്നെ പിടികൂടുകയായിരുന്നു. എന്റെ ശിക്ഷ എപ്രകാരമായിരുന്നുവെന്നു നോക്കുക.

وَأَصْحَابُ مَدْيَنَ ۖ وَكُذِّبَ مُوسَىٰ فَأَمْلَيْتُ لِلْكَافِرِينَ ثُمَّ أَخَذْتُهُمْ ۖ فَكَيْفَ كَانَ نَكِيرِ ﴿٤٤﴾

**42-44**

وَإِن يُكَذِّبُوكَ = അവർ (ഈ ജനം) നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ

فَقَدْ كَذَّبَتْ = തീർച്ചയായും (പ്രവാചകന്മാരെ) തള്ളിപ്പറഞ്ഞിട്ടുള്ളതാകുന്നു

قَبْلَهُمْ = അവർക്ക് മുമ്പ്

قَوْمُ نُوحٍ = നൂഹിന്റെ ജനം

وَعَادٌ وَثَمُودُ = ആദ് ഗോത്രവും സമൂദ് ഗോത്രങ്ങളും

وَقَوْمُ إِبْرَاهِيمَ = ഇബ്റാഹീമിന്റെ ജനവും

وَقَوْمُ لُوطٍ = ലൂത്വിന്റെ ജനവും

وَأَصْحَابُ مَدْيَنَ = മദ്യൻകാരും

وَكُذِّبَ مُوسَىٰ = മൂസായും തള്ളിപ്പറയപ്പെട്ടിരിക്കുന്നു

فَأَمْلَيْتُ = (ആദ്യം) ഞാൻ സാവകാശം നൽകി

لِلْكَافِرِينَ = സത്യനിഷേധികൾക്കൊക്കെയും

ثُمَّ أَخَذْتُهُمْ = പിന്നെ നാം അവരെ പിടികൂടുകയായിരുന്നു

فَكَيْفَ كَانَ نَكِيرِ = (എന്റെ) ശിക്ഷ എപ്രകാരമായിരുന്നു(വെന്ന് നോക്കുക)

മസ്ജിദുൽ ഹറാമിന്റെ പവിത്രതയെയും, കഅ്ബാ മന്ദിരത്തിന്റെ പരിപാലനത്തെയും, അവിടെ നിന്ന് ദൈവഭക്തരെ ആട്ടിപ്പായിക്കുന്നവരെ തിരിച്ചടിക്കാൻ വിശ്വാസികൾക്കുള്ള അവകാശത്തെയും പരാമർശിച്ച ശേഷം പ്രഭാഷണം സൂറഃ തുടക്കം മുതൽ ചർച്ച ചെയ്തു വന്ന വിഷയത്തിലേക്ക് മടങ്ങുകയാണ്. അവിശ്വാസികൾ പ്രവാചകന് നേരെ അഴി

ച്ചുവിട്ട ശത്രുതയും മർദനവും സത്യനിഷേധവുമായിരുന്നു വല്ലോ അത്. ധർമ ധിക്കാരികളുടെ ശത്രുതയും അക്രമ മർദ നങ്ങളും പ്രവാചകനെയും കൂടെയുള്ള പ്രബോധിതരെയും തളർത്തരുതെന്നുപദേശിച്ചുകൊണ്ട് ഇത്തരം പ്രതിബന്ധങ്ങ ളെയും പ്രതിലോമശക്തികളെയും എല്ലാ പ്രവാചകന്മാർക്കും നേരിടേണ്ടി വന്നിട്ടുണ്ടെന്ന് സമാശ്വസിപ്പിക്കുകയാണീ സൂക്ത ങ്ങൾ. സത്യനിഷേധികൾക്ക് ഭീഷണിയും വിശ്വാസികൾക്കു സാന്ത്വനവുമായി ഇത്തരം വചനങ്ങൾ നേരത്തേ വ്യത്യസ്ത ശൈലിയിൽ പലയിടത്തും അവതരിപ്പിച്ചിട്ടുണ്ട്. നൂഹ്, ഇബ്റാഹീം, ലൂത്വ്, മൂസാ പ്രവാചകന്മാരോട് അവരുടെ സമു ദായങ്ങൾ സ്വീകരിച്ച സമീപനവും തൽഫലമായി ആ സമു ദായങ്ങൾക്കുണ്ടായ ദുരന്തവും പലവട്ടം അനുസ്മരിച്ചിരിക്കു ന്നു. *അൽ അഅ്റാഫ്, അത്തൗബ, ഹൂദ്* സൂറകളിൽ മദ്യൻകാ രെയും അനുസ്മരിച്ചിട്ടുണ്ട്. ശുഐബ് ആയിരുന്നു അവരുടെ പ്രവാചകൻ. മൂസാ (അ)യുടെ സമുദായം പൊതുവിൽ അദ്ദേ ഹത്തിന്റെ പ്രവാചകത്വത്തെ തള്ളിപ്പറിഞ്ഞിരുന്നില്ല; അദ്ദേ ഹത്തെ ധിക്കരിക്കുന്ന ചിലരുണ്ടായിരുന്നുവെങ്കിലും. മൂസാ (അ)യുടെ പ്രവാചകത്വത്തെ തീർത്തും തള്ളിപ്പറഞ്ഞത് ഫറ വോനികളായിരുന്നു. അതുകൊണ്ടാണ് ഇവിടെ മറ്റു പ്രവാച കന്മാരെ അവരുടെ സമുദായങ്ങൾ തള്ളിപ്പറഞ്ഞുവെന്ന് പറ ഞ്ഞപ്പോൾ മൂസായും തള്ളിപ്പറയപ്പെട്ടു എന്ന് കർമണി വാക്യ ത്തിൽ പറഞ്ഞത്. മൂസാ (അ)യും അദ്ദേഹത്തിന്റെ ചരിത്രവും അറബികൾക്ക് സുപരിചിതമായിരുന്നതു കൊണ്ടുമാകാം. ഇപ്പോൾ ഇവർ നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ, ഇന്ന് യഹൂ ദരും ക്രൈസ്തവരുമെല്ലാം ആദരണീയ പ്രവാചകനായി അംഗീകരിക്കുന്ന മൂസായും അദ്ദേഹം ആഗതനായ കാലത്ത് തള്ളിപ്പറയപ്പെട്ടിട്ടുണ്ട് എന്ന് ഉണർത്തുകയാണ്. അസാധാര ണമാംവണ്ണം ഗുരുതരവും രൂക്ഷവും വെറുപ്പുററതുമായ ശിക്ഷ യാണ് نكير. ഈ പദത്തിന് ശേഷം എന്റെ എന്നർഥമുള്ള ى ശബ്ദം അനുക്തമായിരിക്കുന്നു. نكيرى എന്നാണ് പൂർണരൂപം. പ്രാസഭംഗിക്ക് വേണ്ടി ഇത്തരം അന്ത്യാക്ഷരങ്ങൾ ഒഴിവാ ക്കുക അറബി ഭാഷയിൽ സാധാരണമാണ്.

സൂക്തതാൽപര്യം ഇതാണ്: പ്രവാചകന്മാർ നിഷേധി ക്കപ്പെടുകയും മർദിക്കപ്പെടുകയും സാധാരണമാണ്. പൂർവ പ്രവാചകന്മാർക്കുണ്ടായ അനുഭവങ്ങൾ തന്നെയാണ് അന്ത്യ പ്രവാചകനും ഉണ്ടാകുന്നത്. അതിൽ പരിഭ്രമിക്കേണ്ട കാര്യ മില്ല. പ്രവാചകന്റെ വീഴ്ചകൊണ്ടോ, പ്രബോധനം ചെയ്യുന്ന ദർശനത്തിന്റെ കുഴപ്പം കൊണ്ടോ ആണ് അങ്ങനെ സംഭവി ക്കുന്നതെന്ന് ഭയപ്പെടുകയും വേണ്ട. പ്രവാചകന്റെ പ്രവർത്തനം തികച്ചും തൃപ്തികരമാണ്. കുഴപ്പം ജനങ്ങളു ടേതാണ്. അവർ സ്വന്തം പാരമ്പര്യങ്ങൾ മാറ്റാൻ തയാറാകു ന്നില്ല. സ്വന്തം ദൗത്യം നിർവഹിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ് പ്രവാചകൻ ചെയ്യേണ്ടത്. അല്ലാഹു എല്ലാ റ്റിനും ഒരു പരിണതി നിശ്ചയിച്ചിട്ടുണ്ട്; ആ പരിണതിയിലെ ത്തുന്നതു വരെ.

ഒന്നുകിൽ ജനം മാനസാന്തരപ്പെടുകയും അവരുടെ ജീവിതം സത്യ ധർമാദികളിൽ അധിഷ്ഠിതമാവുകയും ചെയ്യും. വീണ്ടെടുക്കാനാവാത്തവിധം അസത്യത്തിലും അധർമത്തിലും ആണ്ടു പോവുകയാണെങ്കിൽ അല്ലാഹു അവരെ ഉന്മൂലനം ചെയ്യും. അങ്ങനെ ഉന്മൂലനം ചെയ്യപ്പെട്ട തിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ ഉണ്ട്. എന്നാൽ ഒരുനാൾ പ്രവാചകൻ ആഗതനാവുക, ജനങ്ങളെ സത്യത്തി ലേക്ക് വിളിക്കുക, അനുസരിക്കുന്നില്ലെങ്കിൽ ഉടനെ അവരെ ഉന്മൂലനം ചെയ്യുക എന്നതല്ല അല്ലാഹുവിന്റെ നടപടിക്രമം. സത്യം അറിയാനും ഉൾക്കൊള്ളാനും ജനങ്ങൾക്കവൻ ധാരാളം സമയം നൽകുന്നു. ഈ കാലയളവിൽ പ്രവാചക ന്മാർ നാനാ വിധേന അവരെ സത്യം ഗ്രഹിപ്പിക്കാൻ നിര ന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതെല്ലാം പരാജയപ്പെടുകയും ആ ജനം വീണ്ടെടുപ്പ് അർഹിക്കുന്നി ല്ലെന്ന് സ്വയം സ്ഥിരപ്പെടുത്തുകയും ചെയ്ത ശേഷമാണ് അല്ലാഹു ശിക്ഷയിറക്കുക. ■

---

فَكَأَيِّن مِّن قَرْيَةٍ أَهْلَكْنَاهَا وَهِيَ ظَالِمَةٌ فَهِيَ خَاوِيَةٌ عَلَىٰ عُرُوشِهَا وَبِئْرٍ مُّعَطَّلَةٍ وَقَصْرٍ مَّشِيدٍ ﴿٤٥﴾

**45.** ധർമധിക്കാരികളായ എത്രെയത്ര നാടുക ളെയാണ് നാം നശിപ്പിച്ചിട്ടുള്ളതെന്നോ! ഇന്നതാ അവ കീഴ്മേൽ മറിഞ്ഞു കിടക്കു ന്നു. ഉപയോഗശൂന്യമായ കിണറുകളെത്ര യാണ്! നിർജനമായ കൊട്ടാരക്കെട്ടുക ളെത്ര!

**45**

فَكَأَيِّن مِّن قَرْيَةٍ = എത്രയോ നാടുകളെയാണ് أَهْلَكْنَاهَا = നാം അവയെ നശിപ്പിച്ചു(ച്ചിട്ടുള്ളതെന്നോ)

وَهِيَ ظَالِمَةٌ = അത് അക്രമിയാ(കളായ)യിരിക്കെ فَهِيَ = (ഇന്നിതാ) അവ

خَاوِيَةٌ عَلَىٰ عُرُوشِهَا = അവയുടെ മേൽ പുരകളിന്മേൽ വീണുകിടക്കുന്നു (കീഴ്മേൽ മറിഞ്ഞുകിടക്കുന്നു)

وَبِئْرٍ مُّعَطَّلَةٍ = ഉപയോഗശൂന്യമായ കിണറുകൾ എത്രയാണ്

وَقَصْرٍ مَّشِيدٍ = ഭദ്രമാക്കപ്പെട്ട കൊട്ടാരം എത്രയാണ് (നിർജനമായ കൊട്ടാരക്കെട്ടുകളെത്ര)

'**അ**വയുടെ മേൽപുരകളിന്മേൽ വീണുകിടക്കുന്നത്' എന്നാണ് خَاوِيَةٌ عَلَىٰ عُرُوشِهَا-യുടെ ഭാഷാർഥം. കീഴ്മേൽ മറിയുമ്പോഴാണല്ലോ ഭിത്തികളും സ്തംഭങ്ങളുമൊക്കെ മേൽപ്പുരക്ക് മുകളിലായി വരിക. ഉപയോഗത്തിൽ നിന്ന് ഒഴി വാക്കപ്പെട്ടതാണ് مُعَطَّلَةٍ. ജോലിയില്ലാത്ത ഒഴിവു ദിവസത്തിന് يوم العطلة എന്നു പറയും. ജലസ്രോതസ്സുകളെ കേന്ദ്രീകരിച്ചാ യിരുന്നു പുരാതന അറബ് ഗോത്രങ്ങൾ പാർപ്പുറപ്പിച്ചിരുന്ന ത്. അതുകൊണ്ട് بئر (കിണർ)ന് ആവാസ സ്ഥലം എന്ന്

അർഥം വന്നു. ഗോത്രത്തിന്റെ വാസസ്ഥലത്തെ ഉദ്ദേശിച്ച് ഇന്ന ഗോത്രത്തിന്റെ കിണർ, വെള്ളം (بئْرُ بنى فلان– مَاء بنى فلان) എന്നൊക്കെ പറയാറുണ്ട്. കിണർ ഉപേക്ഷിക്കുക എന്നാൽ ഗോത്രം സ്ഥലം വിടുകയോ നശിച്ചുപോവുകയോ ആണ്. നശിച്ചുപോയ ജനപദങ്ങൾ എന്നാണ് ഇവിടെ ഉദ്ദേശ്യം. ചില ഗോത്രങ്ങൾ അവരുടെ കിണറുകൾ വറ്റിപ്പോയതിനാൽ ജലദൗർലഭ്യം മൂലം നശിപ്പിക്കപ്പെട്ടതായി പറയപ്പെടുന്നുണ്ട്. ഏദനടുത്ത് ബിഉറുർറസ്സ് എന്നറിയപ്പെടുന്ന കിണർ ഇങ്ങനെ ദൈവശിക്ഷയുടെ ഭാഗമായി വറ്റിപ്പോയതാണത്രേ. ഗംഭീരമായ നാഗരികതയുടെ കേദാരമായി വിരാജിച്ച ശേഷം നശിച്ചുപോയ നാടുകളിൽ നിരവധി കൊട്ടാരക്കെട്ടുകൾ നിർജനമായി അവശേഷിക്കാറുണ്ട്. قصْر مشيد -യെയാണ് കൊട്ടാരക്കെട്ട് എന്ന് തർജമ ചെയ്തിട്ടുള്ളത്. مشيدة എന്ന പദം شِيد -ൽ നിന്നുള്ളതാണ്. കുമ്മായമാണ് شيد . കുമ്മായത്തിൽ പടുത്തുയർത്തിയതാണ് مشيدة. പടവിന് മണ്ണിനെക്കാൾ ഉറപ്പേകുന്നതാണ് കുമ്മായം. യമനിലുള്ള പുരാതന കോട്ടകളും ആദ്-സമൂദ് സൗധങ്ങളും ഈജിപ്ഷ്യൻ പിരമിഡുകളുമെല്ലാം ഇങ്ങനെ നിർമിക്കപ്പെട്ടതാണ്. ഇന്ത്യയിലുമുണ്ട് നിർജനമായ നിരവധി കൊട്ടാരക്കെട്ടുകളും കോട്ടകൊത്തളങ്ങളും. ■

---

**46.** ഈ ജനം ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലെയോ; അവർക്ക് ഗ്രഹിക്കുന്ന മനസ്സുകളും കേൾക്കുന്ന കാതുകളുമുണ്ടാവാൻ? പക്ഷെ ദൃഷ്ടികളല്ല അന്ധമാകുന്നത്, മറിച്ച് മാറിടങ്ങളിലുള്ള ഹൃദയങ്ങളാണ അന്ധമാകുന്നത്.

أَفَلَمْ يَسِيرُواْ فِى ٱلْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَآ أَوْ ءَاذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى ٱلْأَبْصَٰرُ وَلَٰكِن تَعْمَى ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ ﴿٤٦﴾

**46**

أَفَلَمْ يَسِيرُواْ فِى ٱلْأَرْضِ = (ഈ ജനം) അവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലെയോ

فَتَكُونَ لَهُمْ = അങ്ങനെ അവർക്ക് ഉണ്ടാകാൻ قُلُوبٌ يَعْقِلُونَ بِهَآ = മനസ്സുകൾ അതുകൊണ്ടവർ ഗ്രഹിക്കുന്നു(ന്ന)

أَوْ ءَاذَانٌ = അല്ലെങ്കിൽ കാതുകളുണ്ടാവാൻ يَسْمَعُونَ بِهَا = അതുകൊണ്ടവർ കേൾക്കുന്നു(ന്ന) فَإِنَّهَا = എന്നാൽ, പക്ഷേ

لَا تَعْمَى = അന്ധമാകുന്നില്ല(ന്നത്) ٱلْأَبْصَٰرُ = ദൃഷ്ടികൾ (അല്ല) وَلَٰكِن تَعْمَى = മറിച്ച്, അന്ധമാകുന്നത്

ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ = മാറിടങ്ങളിലുള്ള ഹൃദയങ്ങളാകുന്നു

പ്രവാചകനെയും വേദത്തെയും തള്ളിപ്പറയുന്ന അവിശ്വാസികളുടെ അവസ്ഥയിൽ അത്ഭുതം കൂറുകയാണീ വചനം. സഞ്ചാരവേളകളിൽ എത്രയോ ഉപയോഗശൂന്യമായിക്കിടക്കുന്ന കിണറുകളും നിർജനമായ കൊട്ടാരക്കെട്ടുകളും അവർ കാണുന്നു. പക്ഷേ അവയൊക്കെ വിളിച്ചോതുന്ന പാഠങ്ങൾ പഠിക്കാനോ ചരിത്രം കോൾക്കാനോ അവർക്ക് ഒട്ടും താൽപര്യമില്ല. ഒരു കൗതുകക്കാഴ്ച മാത്രമായി കണ്ട്, അല്ലെങ്കിൽ തീരെ അശ്രദ്ധരായി കടന്നു പോവുകയാണവർ. ചരിത്രത്തിന്റെ ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളാനാവാത്ത വണ്ണം അന്ധത ബാധിച്ചിരിക്കുന്നത് അവരുടെ ബാഹ്യനേത്രത്തിനല്ല, പ്രത്യുത അന്തർദൃഷ്ടിക്കാണ്. ഉൾക്കണ്ണ് അന്ധമാണെങ്കിൽ ബാഹ്യനേത്രങ്ങൾ കാണുന്നതൊന്നും അന്തരാളത്തിൽ പതിയുകയില്ല. ചരിത്രം പഠിക്കുകയും അതിലെ പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നവരാണ് ഉൾക്കണ്ണ് തുറന്ന് സഞ്ചരിക്കുന്നവർ. പണ്ടുകാലത്ത് ചരിത്ര ഗ്രന്ഥങ്ങൾ വിരളമായിരുന്നു. കർണാകർണികയാ കേട്ടറിയുന്നതായിരുന്നു ചരിത്രം. ഇന്ന് ചരിത്രം ഒരു വലിയ വിജ്ഞാനശാഖയായി വളർന്നിരിക്കുന്നു. ഏതു സമൂഹത്തിന്റെയും വേരുകളാണ് അതിന്റെ ഇന്നലെകൾ. കേട്ടുകേൾവിയെക്കാൾ ആധികാരികമായി ഇന്നത് ഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കാം. ഇന്ന് വായിച്ചറിയാൻ ചരിത്ര ഗ്രന്ഥങ്ങളില്ലേ എന്ന് ചോദിക്കുന്നതിന് തുല്യമാണ് 'കേൾക്കാൻ ചെവികളില്ലേ' എന്ന് ചോദിക്കുന്നത്. പക്ഷേ ഭൗതിക ജീവിതത്തെയും അതിന്റെ സുഖഭോഗങ്ങളെയും കുറിച്ചുമാത്രം ചിന്തിക്കുന്നവർ ചരിത്രത്തിന്റെയും ചരിത്രാവശിഷ്ടങ്ങളുടെയും യഥാർഥ പാഠങ്ങൾ പഠിക്കാൻ തയാറാവുകയില്ല. അവർ ചരിത്രം പഠിക്കുന്നുവെങ്കിൽ അതും കേവലം ഭൗതിക താൽപര്യങ്ങൾ മുന്നിൽ കണ്ടായിരിക്കും. അത്തരക്കാരും ഉൾക്കണ്ണ് അന്ധമായിപ്പോയവരാണ്.

'മാറിടങ്ങളിലുള്ള ഹൃദയങ്ങൾ' എന്നത് ഒരു നാടൻ ശൈലിയാണ്. മനസ്സിന് നെഞ്ചകം എന്നും ഹൃദയം തൊട്ട് എന്നതിന് മാറിൽ കൈവെച്ച് എന്നുമൊക്കെ എല്ലാ ഭാഷകളിലും പറയാറുണ്ട്. മനുഷ്യർക്ക് സന്തോഷം, കോപം, ഭയം, സ്നേഹം തുടങ്ങിയ വികാരങ്ങളുണ്ടാകുമ്പോൾ അത് ഹൃദയമിടിപ്പിൽ പ്രതിഫലിക്കുന്നതാകാം ഈ സങ്കൽപ്പത്തിനാധാരം. ശരീര ശാസ്ത്രപരമായി ഹൃദയം നെഞ്ചിനുള്ളിൽ സ്ഥിതി ചെയ്യുന്നു എന്ന് പണ്ടുള്ളവർ കരുതിയിരിക്കാമെങ്കിലും ഇന്ന് ആ വിശ്വാസമില്ല. ഖുർആൻ ഇവിടെ ശരീര ശാസ്ത്രപരമായി ഹൃദയത്തിന്റെ സ്ഥാനം നിർണയിച്ചിരിക്കുകയല്ല; ഹൃദയത്തിന്റെ ആന്ധ്യം ഹൃദയത്തിൽ ആഞ്ഞുതറക്കുന്ന ശൈലിയിൽ പറഞ്ഞിരിക്കുകയാണ്. 'ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ' എന്ന് ഖുർആൻ പല സന്ദർഭങ്ങളിലായി മനുഷ്യരോട് ആവർത്തിച്ച് ചോദിക്കുന്നുണ്ട്. യാത്രയെ പ്രോത്സാഹിപ്പിക്കുകയാണ് ഇത്തരം സൂക്തങ്ങൾ. ജ്ഞാന സമ്പാദനത്തിന്റെ മാധ്യമങ്ങളിൽ സുപ്രധാനമായ ഒന്നാണ് യാത്ര. വിവിധ പ്രദേശങ്ങളിൽ കാണുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ ഗ്രഹിക്കുമ്പോഴും ചരിത്രാവശിഷ്ടങ്ങൾ പഠിക്കുമ്പോഴുമാണ് യാത്രകൾ സഫലവും വിജ്ഞാനപ്രദവുമാകുന്നത്. ■